മലയാള മനോരമ
ESTABLISHED 1888
29 December 2017

# സ്കൂബാ ഡൈവിങ്ങിൽ മൽസ്യത്തൊഴിലാളി യുവാക്കൾക്ക് പരിശീലനം



തിരുവനന്തപുരം● കടലിലെ രക്ഷാപ്രവർത്തനങ്ങൾക്കും ഗവേഷണങ്ങൾക്കും സ്കൂബാ ഡൈവിങ്ങിൽ മൽസ്യത്തൊഴിലാളികളായ യുവാക്കൾക്കു പരിശീലനം നൽകി ഫ്രൻഡ്സ് ഓഫ് മറൈൻ ലൈഫ്. ആദ്യ ബാച്ചിന്റെ ഒരു മാസം നീണ്ട സ്കൂബാ ഡൈവിങ് പരിശീലനം പൂർത്തിയായി.

10പേർക്ക്അഡ്വാൻസ്ഓപ്പൺ വാട്ടർ വരെയുള്ള മേഖലകളിലാണു പരിശീലനം നൽകിയത്. അടുത്ത ഘട്ടത്തിൽ റെസ്ക്യൂ ഡൈവർ, എമർജൻസി ഫസ്റ്റ് റെസ്പോൺസ് എന്നിവയിലും പരിശീലനം നൽകും.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ രക്ഷാപ്രവർത്തനങ്ങൾക്കു മൽസ്യത്തൊഴിലാളി മേഖലയിൽ നിന്നുള്ളവർക്കു പരിശീലനം നൽകാൻ സർക്കാർ മുൻകയ്യെടുക്കണമെന്ന് എഫ്എംഎൽ ചീഫ് കോ ഓർഡിനേറ്റർ റോബർട്ട് പനിപ്പിള്ള ആവശ്യപ്പെട്ടു. ഓയിൽ റിഫൈനറികളിലും ടൂറിസം മേഖലയിലും ഒട്ടേറെ തൊഴിൽ സാധ്യതകൾ ഉള്ളതിനാൽ ഫിഷറീസ് ഹയർ സെക്കൻഡറി സ്കൂളിൽ സ്കൂബ ഡൈവിങ് കോഴ്സ് തുടങ്ങണമെന്നും എഫ്എംഎൽ ആവശ്യപ്പെട്ടു.